5. നിലവിലുള്ള ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകളിൽകൂടി കള്ളക്കടത്ത് തടയുന്നതിലേയ്ക്കായി അപ്രകാരമുള്ള ബൈറൂട്ടുകൾകൂടി ഉൾക്കൊള്ളത്തക്കവിധത്തിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയോ പുതുക്കിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

6. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള എന്നിവിടങ്ങളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക്പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) ഉണ്ട്

(ഡി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും അസിസ്റ്റന്റ് കമ്മീഷണർമാരുടെയും നേതൃത്വത്തിൽ ചെക്ക്പോസ്റ്റുകളിൽകൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ മിന്നൽ പരിശോധന നടത്തി ചെക്ക്പോസ്റ്റിൽ ജോലിചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്ക്വാഡിലെ ജീവനക്കാരെ ഒരു നിശ്ചിതസമയം നിയമിക്കുന്നുണ്ട്.

2. നിലവിലുള്ള ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകളിൽകൂടിയുള്ള കള്ളക്കടത്ത് തടയുന്നതിലേക്കായി അപ്രകാരമുള്ള ബൈറൂട്ടുകൾകൂടി ഉൾക്കൊള്ളത്തക്ക രീതിയിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയോ പുതിയ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

3. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള എന്നിവിടങ്ങളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക് പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

4. നികുതി വെട്ടിക്കാനുള്ള ഉദ്ദേശത്തോടുകൂടി ചെക്ക്പോസ്റ്റുവഴി കടത്തുന്ന സാധനങ്ങൾ കള്ളപേരിൽ കൊണ്ടുവരുന്ന സാധനങ്ങൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശനമായ പരിശോധനക്ക് വിധേയമാക്കി നികുതിയുടെ ഇരട്ടിതുക സെക്യൂരിറ്റിയായി ഈടാക്കുന്നുണ്ട്.

(ഇ) കണക്കാക്കപ്പെട്ടിട്ടില്ല.

11 (*444) മുള ഉല്പാദനത്തിൽ സ്വയംപര്യാപ്തത

ശ്രീ. എൻ. കണ്ണൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആവശ്യത്തിനുള്ള മുള ഉൽപ്പാദിപ്പിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ഒരു വർഷത്തെ ആവശ്യത്തിലേയ്ക്ക് എത്രടൺ മുള ആവശ്യമായി വരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സംസ്ഥാനത്ത് ആവശ്യമായ മുള ഉല്പാദിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ദീർഘകാലാടിസ്ഥാനത്തിൽ മുള ഉല്പാദിപ്പിക്കാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ നദികളുടേയും കരയിൽ മുള വച്ചുപിടിപ്പിക്കുന്നതിനും അതിലൂടെ മുളയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ മുള ഉല്പാദനത്തിന്റെ സാധ്യതകളെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും എന്തെങ്കിലും പഠനം നടത്തിയതായി സർക്കാരിന് അറിവുണ്ടോ;

(ജി) എങ്കിൽ മുള ഉല്പാദനം വർധിപ്പിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇല്ല

(ബി) 1,69,000 ടണ്ണോളം മുള പ്രതിവർഷം ആവശ്യമായി വരുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി)&(ഡി) സ്വാഭാവിക വനങ്ങളിലുള്ള മുളങ്കാടുകൾ സംരക്ഷിച്ചു പരിപാലിക്കുന്നതിന് പുറമേ 1997-98 വരെ ആകെ 2227 ഹെക്ടർ സ്ഥലത്ത് മുളത്തോട്ടങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി 4700 ഹെക്ടർ സ്ഥലത്ത് മുളയും ഈറ്റയും നട്ടുവളർത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന തടിയിതര വനവിഭവ പദ്ധതിയിൽ ഉൾപ്പെടുത്തി മുളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പംതന്നെ മുളങ്കാടുകളുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനും മുളയുടെ ശേഖരണത്തിലും പരിപാലനത്തിലും നൂതന സാങ്കേതിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) വനാന്തർഭാഗത്തുള്ള നദികളുടെ കരകളിൽ മുള വച്ചുപിടിപ്പിച്ചുവരുന്നു.

(എഫ്) ഉണ്ട്

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

12 (*445) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സുഗന്ധവിള വികസനത്തിന് പദ്ധതി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly